(ഇ) ഓരോ ഭാഗത്തേയ്ക്കും പോകുന്ന ബസ്സുകൾക്ക് പ്രത്യേകം സ്ഥലം രേഖപ്പെടുത്തി ടെർമിനൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്)എല്ലാ ബസ് സ്റ്റേഷനുകളിലും ബസുകൾ വരുന്നതിനും പോകുന്നതിനും മുമ്പ് മൈക്ക് അനൗൺസ്മെന്റ് നടത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ : എ. നീലലോഹിതദാസൻ നാടാർ) :

(എ) എല്ലാ ബസ് സ്റ്റേഷനുകളിലും യാത്രക്കാർക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യങ്ങളും പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങളും നിലവിലുണ്ട്. ബസ് സ്റ്റേഷൻ നവീകരണത്തിന്റെ ആദ്യപടിയായി തമ്പാനൂരിൽ ഒരു സെമി-പെർമനന്റ് വെയിറ്റിംഗ് ഷെഡിന്റെ നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കി .പൊതു ജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്. യാത്രാക്കാർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് എല്ലാ യൂണിറ്റാഫീസർമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ബസ് സ്റ്റേഷനുകളിലും യാത്രക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. പ്രധാനപ്പെട്ട സ്റ്റേഷനുകളിലെ ടോയിലറ്റുകൾ പേയിംഗ് സിസ്റ്റത്തിൽ നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുത്തിട്ടുണ്ട്. ഇവ വൃത്തിയാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിൽ സ്ത്രീകൾക്കായി വിശ്രമത്തിന് പ്രത്യേക സ്ഥലം തിരിച്ചിട്ടുണ്ട്. പ്രത്യേകം പ്രത്യേകം വിശ്രമമുറികൾ നിർമ്മിക്കുന്നതിന് സാമ്പത്തിക പരിമിതി മൂലം തൽക്കാലം കഴിയുന്നില്ല.

(ഡി) കെ.എസ്.ആർ.ടി.സി.യുടെ പ്രധാനപ്പെട്ട ബസ് സ്റ്റേഷ്നുകളിൽ സമയ വിവരപട്ടിക പ്രദർശിപ്പിച്ചിട്ടുണ്ട്. മാത്രവുമല്ല പ്രധാന സ്റ്റേഷനുകളിൽ അന്വേഷണ കൗണ്ടറുകളും പ്രവർത്തിക്കുന്നുണ്ട്.

(ഇ) ഓരോ ഭാഗത്തേയ്ക്കും പോകേണ്ട ബസുകൾ പ്രത്യേകം പ്രത്യേകം സ്ഥലങ്ങളിൽ പിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലായിടത്തും പ്രത്യേകം പ്രത്യേകം ടെർമിനലുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക പരിമിതിമൂലം ഇപ്പോൾ ബുദ്ധിമുട്ടുണ്ട്.

(എഫ്) പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ ഈ സംവിധാനം നിലവിലുണ്ട്.

23 (*229) വെയ്സ് ആന്റ് മീൻസ് തുകയിലെ വർദ്ധനവ്

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വെയ്സ് ആന്റ് മീൻസ് ഇനത്തിലുള്ള തുകയിൽ വർദ്ധനവ് വരുത്തിക്കൊണ്ട് റിസർവ് ബാങ്ക് തീരുമാനം എടുത്തിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തുകയിൽ എത്ര കോടി രൂപയുടെ വർദ്ധനവ് ഉണ്ടാകുമെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരമൊരു തീരുമാനത്തിന് റിസർവ്വ് ബാങ്ക് സന്നദ്ധമായത് എന്തു കൊണ്ടാണെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) 43.20 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) മൂന്നു വർഷത്തിലൊരിക്കൽ റിസർവ് ബാങ്ക് സംസ്ഥാനങ്ങളുടെ വെയ്സ് ആന്റ് മീൻസ് പരിധി പുതുക്കി നിശ്ചയിക്കാറുണ്ട്. ഇതിന്റെ ഭാഗമായാണ് റിസർവ് ബാങ്ക് ഇപ്രകാരമൊരു തീരുമാനമെടുത്തത്. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയും ധനകാര്യ മാനേജുമെന്റും ഇക്കാര്യത്തിൽ റിസർവ് ബാങ്ക് കണക്കിലെടുത്തിട്ടുണ്ട്.

24 (*230) കശുമാവ് കൃഷി വികസനം

ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലൊട്ടാകെ എത്ര ഹെക്ടർ സ്ഥലത്താണ് കശുമാവ് കൃഷി ഉള്ളത്;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(സി) കഴിഞ്ഞ മൂന്ന് വർഷമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞ തോട്ടണ്ടിയുടെ കണക്ക് ലഭ്യമാക്കുമോ;

(ഡി) കശുമാവ് കൃഷി വികസനത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നും അതിലേയ്ക്കുവേണ്ടി ഇതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഇ) കൃഷി വകുപ്പിന്റെ കീഴിൽ കശുമാവ് കൃഷി വികസനത്തിനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ?

(എഫ്) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 96073 ഹെക്ടർ സ്ഥലത്ത്

(ബി) അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.†

(സി) 1995-96- 82,760 ടൺ
1996-97- 68,963 ടൺ
1997-98- 74,142 ടൺ
1998-99-കണക്ക് ശേഖരിച്ചു വരുന്നു.

(ഡി) 1999-2000 വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

1. കശുമാവ് വികസനം (സംസ്ഥാന പദ്ധതി)
2. സംയോജിത കശുമാവ് വികസനപദ്ധതി (കേന്ദ്രാവിഷ്കൃതം)

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly